# 13-ാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2811 14/02/2013-ൽ മറുപടിയ്ക്ക്**

**ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ തൊഴിൽ ഉൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ അവസാന രണ്ടു വർഷം നടപ്പാക്കിയ പ്രവൃത്തികൾക്കായി എന്തു തുക ചെലവഴിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ നടത്തിയെന്നും വ്യക്തമാക്കുമോ; | (എ) | വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ തൊഴിൽ ഉൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ അവസാന രണ്ടു വർഷം നടപ്പാക്കിയ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br><br>2009-10 - 195.93 ലക്ഷം രൂപ<br><br>2010-11- 44.79 ലക്ഷം രൂപ<br><br>2009-10 വർഷത്തിൽ എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അട്ടപ്പാടിയിലെ ചിണ്ടക്കി എന്നിവിടങ്ങളിൽ വന്യമൃഗങ്ങളുടെ അക്രമണങ്ങളിൽ നിന്നും വേലികെട്ടി സംരക്ഷണം നൽകുന്നതിനും ചെലവഴിച്ചു.<br><br>2010-11 വർഷം ഇടുക്കി ജില്ലയിലെ കുമിളി മന്നാക്കുടി-പാലിയക്കുടി കോളനികളുടെ |

| | | | |
|---|---|---|---|
| | | | വൈദ്യുതീകരണം ഇടുക്കി ജില്ലയിലെ മറയൂർ ജീവനോപാധി പ്രവർത്തനങ്ങൾ, അട്ടപ്പാടിയിലെ കുറുമ്പ സമുദായങ്ങൾക്കുള്ള സമഗ്ര പരിസ്ഥിതി വികസനം ഇടമലക്കുടി സെറ്റിൽമെന്റിലെ വികസനം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്. |
| (ബി) | പ്രസ്തുത പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയെന്നും വെളിപ്പെടുത്തുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>2011-2012 - 24.80 ലക്ഷം രൂപ - പറമ്പിക്കുളത്ത് സുങ്കം പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്.<br>2012-2013 - 220 ലക്ഷം രൂപ - ഇടമലക്കുടി മുതുവ സെറ്റിൽമെന്റിന്റെ സമഗ്ര വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ